1998	20%	8.625	28.625

ടെക്സ്റ്റൈൽസ്

വർഷം - 1995-96

ബോണസ് നിയമമനുസരിച്ചുള്ള ബോണസ്

ശതമാനം ഇൻസന്റീവ്

8.33% വരെ ഒരു ഹാജരിന് 3 രൂപ

8.34-11.99 ഒരു ഹാജരിന് 4 രൂപ

12-15.99 ഒരു ഹാജരിന് 4.50 രൂപ

16-20.00 ഒരു ഹാജരിന് 5.00 രൂപ

(1993-94 സാമ്പത്തിക വർഷം മുതൽ ഈ നിരക്കുകൾക്ക് മാറ്റമില്ല.)

(ഇ) കയർ, കശുവണ്ടി, ടെക്സ്റ്റൈൽസ് ബോണസ് തർക്കങ്ങൾ ഐ.ആർ.ബി. വിളിച്ചുകൂട്ടി തീരുമാനമെടുക്കാനാണ് ഉദ്ദേശിക്കുന്നത്.

106 (2797) വയനാട് ജില്ലയിൽ പുതിയ ജലസേചന പദ്ധതികൾ

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ പുതിയ ജലസേചന പദ്ധതികൾ ആരംഭിക്കുന്നതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ പദ്ധതികളെക്കുറിച്ചാണെന്ന് വ്യക്തമാക്കുമോ;

(സി) വിശദമായ അന്വേഷണത്തിനുശേഷം ജനപ്രതിനിധികളുമായും മറ്റും ചർച്ച ചെയ്തു മാത്രമേ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് അന്തിമമായി തീരുമാനം കൈക്കൊള്ളൂ എന്ന നിലപാട് ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) നിർദ്ദിഷ്ട ജലസേചന പദ്ധതികൾ നടപ്പാക്കാൻ പാടില്ലെന്ന് വയനാട്ടിലെ എം.എൽ.എ.മാർ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പദ്ധതികൾ നടപ്പാക്കില്ലെന്ന് പ്രഖ്യാപിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. നൂൽപ്പുഴ ജലസേചന പദ്ധതി, ചൂണ്ടേലിപ്പുഴ ജലസേചന പദ്ധതി, കല്ലാംപതി ജലസേചന പദ്ധതി, കടമാൻതോട് ജലസേചന പദ്ധതി, ചീഘട്ട് ജലസേചന പദ്ധതി.

(സി),(ഡി)&(ഇ) വിശദാംശം അന്വേഷണത്തിന്റെയും ചർച്ചയുടെയും അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

[9.30 AM] ശ്രീ. പാലോട് രവി : സർ, നെടുമങ്ങാട് താലൂക്ക് ഹെഡ് ക്വാർട്ടേർസ് ആശുപത്രിയിൽ .....അത് ഗവൺമെന്റ് ആശുപത്രി ആയതുകൊണ്ടാണോ?.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അത് സബ്മിഷനായി ഉന്നയിക്കാം. അടിയന്തിര പ്രമേയത്തിന് ഒരു വിലയുണ്ട്. ആ വില ഇല്ലാതാക്കരുത്.....അത് അടിയന്തിരപ്രമേയത്തിന്റെ വിഷയമേയല്ല. അത് സബ്മിഷനായിട്ട് ഉന്നയിക്കാം. സബ്മിഷൻ എന്തിനാണ് വച്ചിരിക്കുന്നത്?

ശ്രീ. പാലോട് രവി : .....

മി. സ്പീക്കർ : ഒരു കാര്യവുമില്ലാത്ത കാര്യമാണ്. പിന്നെ സബ്മിഷൻ എന്തിനാണ് വച്ചിരിക്കുന്നത്. ഇതുപോലുള്ള കാര്യങ്ങൾ ഉന്നയിക്കുന്നതിനു വേണ്ടിയാണ്. അടിയന്തിര പ്രമേയത്തിന്റെ വില ഇല്ലാതാക്കരുത്.

ശ്രീ. പാലോട് രവി : അത് അങ്കമാലി.....

മി. സ്പീക്കർ : എത്ര ഒച്ചയുണ്ടാക്കിയിട്ടും കാര്യമില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ,.....

മി.സ്പീക്കർ : പറയാൻ അനുവദിക്കാമെന്ന് പറഞ്ഞല്ലോ.....

ശ്രദ്ധക്ഷണിക്കൽ. ശ്രീ. ഇസ്ഹാക് കുരിക്കൾ.....

II. ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്ത് പുതുതായി ഗവൺമെന്റ് സ്കൂളുകൾ അനുവദിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ രംഗത്തെ വളരെ പ്രധാനപ്പെട്ട ചില പ്രശ്നങ്ങളിലേക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്. വിദ്യാഭ്യാസ രംഗത്ത് നമ്മുടെ സംസ്ഥാനം മുൻപന്തിയിലാണെങ്കിലും എൽ.പി/യു. പി./ഹൈസ്കൂൾ തലങ്ങളിൽ, ഗ്രാമീണ വിദ്യാഭ്യാസ രംഗത്ത് നമ്മൾ വളരെ പുറകിലാണ്. ഗ്രാമീണ ജനസംഖ്യയുടെ 24.7 ശതമാനത്തിനുമാത്രമേ രണ്ടു കിലോമീറ്ററിനുള്ളിൽ ഹൈസ്കൂളുകളുള്ളൂ. അതുപോലെതന്നെ എൽ.പി. സ്കൂളുകളും യു.പി. സ്കൂളുകളും. അങ്ങനെ ആണെങ്കിൽ 97.82 ശതമാനം ഗ്രാമീണ ജനങ്ങൾക്ക് എട്ടു കിലോമീറ്ററിനുള്ളിൽ ഹൈസ്കൂൾ വിദ്യാഭ്യാസം ലഭിക്കുന്നില്ല. സർക്കാർ സ്ക്കൂളുകളനുവദിക്കണമെന്ന് നിരന്തരമായി നമ്മുടെ സംസ്ഥാനത്ത് മാറി മാറി വന്ന ഗവൺമെന്റുകളുടെ മുമ്പിൽ ആവശ്യങ്ങളുന്നയിച്ചിട്ടുണ്ട്. 1982-നു ശേഷം നമ്മുടെ സംസ്ഥാനത്ത് ഗവൺമെന്റ് ഒരു നയമായി സർവ്വേ നടത്തി സ്ക്കൂളുകളനുവദിച്ചിട്ടില്ല. എന്നാൽ ചില സ്ഥലങ്ങളിൽ ചില പ്രത്യേക സാഹചര്യങ്ങളിൽ എൽ.പി. സ്ക്കൂളുകളും യു.പി. സ്ക്കൂളുകളും അനുവദിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് 1500 കോടി രൂപ സ്വകാര്യ മേഖലയിലെ അധ്യാപകർക്ക് ശമ്പളം കൊടുക്കുമ്പോൾ സർക്കാർ മേഖലയിൽ 700 കോടി രൂപ മാത്രമേ അധ്യാപകർക്ക് ശമ്പള ഇനത്തിൽ നൽകുന്നുള്ളൂ. 7543 സ്ക്കൂളുകൾ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുമ്പോൾ സർക്കാർ മേഖലയിൽ 4461 സ്കൂളുകളാണ് പ്രവർത്തിക്കുന്നത്. സ്വകാര്യ മേഖല സർക്കാർ മേഖലയേക്കാൾ ഇരട്ടിയായ ഒരു സാഹചര്യമാണ് നമ്മുടെ സംസ്ഥാനത്ത് ഇന്ന് നിലവിലുള്ളത്. ഏറ്റവുമധികം സ്വകാര്യമേഖലയിൽ സ്കൂളുകൾ പ്രവർത്തിക്കുന്ന ജില്ല എറണാകുളവും കോട്ടയവുമാണ്. എറണാകുളത്ത് ഗവൺമെന്റ് ഹൈസ്കൂൾ 89 എണ്ണം ഉള്ളപ്പോൾ സ്വകാര്യ മേഖല

LIBRARY ARCHIVES Kerala Legislative Assembly